# വിജ്ഞാപനം

**സി2-141757/17** **തീയതി : 03/01/2022**

ഗ്രീൻ ബുക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കോയിപ്രം, തോട്ടപ്പുഴശ്ശേരി, ഇരവിപേരൂർ, പുറമറ്റം, എഴുമറ്റൂർ, കല്ലൂപ്പാറ, കുന്നന്താനം പഞ്ചായത്തുകളിലെ ജലശുദ്ധീകരണ കുടിവെള്ള പദ്ധതിയുടെ ആവശ്യത്തിനായി കോയിപ്രം വില്ലേജിലെ ബ്ലോക്ക് നമ്പർ 21 ൽ റീസർവ്വേ നമ്പർ 53/1 , 52/12, 52/12-2, ബ്ലോക്ക് നമ്പർ 22 ൽ സർവ്വേ നമ്പർ 455/19 എന്നീ സർവെ നമ്പരുകളിൽപ്പെട്ട ഉദ്ദേശം 01.6196 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് നടപടികളുടെ ഭാഗമായി 2013 ലെ എൽ. എ. ആർ. ആർ നിയമത്തിലെ വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 13/11/2020-ൽ പുറപ്പെടുവിച്ചിട്ടുള്ളതും ടി വിജ്ഞാപനം എൽ.എ.ആർ.ആർ ആക്ട് 2013-ലെ സെക്ഷൻ 11-ൽ നിഷ്കർഷിക്കുന്ന പ്രകാരവും 2021 ജനുവരി 6 ന് കേരള സർക്കാർ 55-ാം നമ്പർ അസാധാരണ ഗസറ്റിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചതു മുതൽ 12 മാസകാലയളവധിയ്ക്കുള്ളിൽ എൽ.എ.ആർ.ആർ ആക്ടിലെ സെക്ഷൻ 19 പ്രകാരമുള്ള അന്തിമ വിജ്ഞാപനമായ 19(1) പ്രഖ്യാപനം നടത്തേണ്ടതുണ്ട്. ടി 12 മാസകാലാവധി 06/01/2022-ൽ പൂർത്തിയാകുന്നതാണ്. എന്നാൽ 13.11.2020-ലെ 11(1) പ്രാഥമിക വിജ്ഞാപനത്തിനെതിരെ ബഹു.ഹൈക്കോടതി മുൻപാകെ ശ്രീ.ജോസ് പന്നിക്കോട്ട്, പന്നിക്കോട്ട് ഹൗസ് എന്നയാൾ ഫയൽ ചെയ്ത Wp(c) 18544/21 നമ്പർ കേസും ശ്രീ.എബ്രഹാം പന്നിക്കോട്ട്, പന്നിക്കോട്ട് ഹൗസ് എന്നയാൾ ഫയൽ ചെയ്ത Wp(c) 26506/21 നമ്പർ കേസും നിലനിൽക്കുന്നതിനാൽ എൽ.എ.ആർ.ആർ ആക്ടിലെ സെക്ഷൻ 19(1) പ്രകാരമുള്ള കരട് പ്രഖ്യാപനം നടത്തുന്നതിന് കാലാവധി നീട്ടിനൽകണമെന്ന് ലാൻഡ് അക്വിസിഷൻ ഓഫീസറായ പത്തനംതിട്ട (എൽ. എ) ജനറൽ സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. പത്തനംതിട്ട എൽ. എ ജനറൽ സ്പെഷ്യൽ തഹസീൽദാരുടെ അപേക്ഷ പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം വകുപ്പ് 19 പ്രകാരമുള്ള ഡിക്ലറേഷൻ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള തീയതി , വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ 12 മാസംകാലാവധി തികയുന്ന തീയതിയായ 2021 ജനുവരി 6 മുതൽ പ്രസ്തുത ആക്ടിലെ വകുപ്പ് 19(7) വ്യവസ്ഥകൾക്കനുസൃതമായി 06 മാസത്തേക്ക് ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്/-)

ജില്ലാ കളക്ടർ,പത്തനംതിട്ട

അംഗീകാരത്തോടെ

ഡെപ്യൂട്ടികളക്ടർ (എൽ.എ)